2/3/22

24/02/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ AP. 2294(2)/2015എസ്.ഐ.സി.തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ 15756/എസ്.ഐ.സി-ജി 6/2015)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ഹുസൈൻകോയ വി,
മേലേ കൊല്ലീരി,
കാലിക്കറ്റ് യൂണിവേഴ്സിറ്റി (പി.ഒ),
മലപ്പുറം. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
പോലീസ് ആസ്ഥാനം,
ശാസ്തമംഗലം,
തിരുവനന്തപുരം.

2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അഡീഷണൽ സൂപ്രണ്ട് ഓഫ് പോലീസ്,
ജില്ല പോലീസ് ഓഫീസ്, മലപ്പുറം.

3. അപ്പീൽ അധികാരി &
ജില്ലാ പോലീസ് മേധാവി,
മലപ്പുറം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 29/06/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 28/07/2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 10/08/2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 08/09/2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 5/10/2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 06/10/2015 |
| ഹിയറിംഗ് നടന്ന തീയതി | 07.01.2022 – ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ഹുസൈൻകോയ വി, 05/10/2015 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 06/10/2015 തീയതിയിൽ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 2294(2)/2015/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 29/06/2015 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് തിരൂരങ്ങാടി സർക്കിൾ ഇൻസ്പെക്ടർ ശ്രീ. അനിൽ ബി-ക്ക് എതിരെ 25.05.2015-ന് സമർപ്പിച്ച പരാതിയിൽ താഴെ പറയുന്ന വിവരങ്ങളാണ്:

1. ടി പരാതി ടി ഓഫീസ് സ്വീകരിച്ച തീയതിയും ഫയൽ നമ്പറും
2. മേൽ പരാതി അന്വേഷിക്കാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേരും തസ്തികയും
3. അന്വേഷണത്തിന്റെ ഭാഗമായി പരാതിക്കാരന്റെയും എതിർകക്ഷിയുടെയും, മൊഴി രേഖപ്പെടുത്തിയിരുന്നോ എന്ന വിവരവും

   3 എ ഉണ്ടെങ്കിൽ, മൊഴിയുടെ പകർപ്പുകളും
4. അന്വേഷണത്തിന്റെ ഭാഗമായി അന്വേഷണ ഉദ്യോഗസ്ഥൻ പരിശോധനയ്ക്ക് വിധേയമാക്കിയ രേഖകൾ, വസ്തുതകൾ എന്തെല്ലാം എന്ന വിവരവും ——————

   4 എ ആയതിന്റെ രേഖകളുടെ പകർപ്പും
5. സൂചനാ പരാതിയിൽ 2 എ നമ്പറായി പറഞ്ഞ കാര്യത്തിൽ അന്വേഷണ ഉദ്യോഗസ്ഥർ പരിശോധനയ്ക്ക് വിധേയമാക്കിയ കാര്യങ്ങൾ എന്തെല്ലാം എന്നും മറ്റുമായി 11 ഇനം വിവരങ്ങൾ ലഭ്യമാക്കണമെന്നതാണ്.

മേൽപ്പടി അപേക്ഷയിൻമേൽ ഒന്നാം എതിർകക്ഷി 28.07.2015-ന് ഹർജിക്കാരന് മറുപടിയും നൽകിയിട്ടുണ്ട്.

4. 10/08/2015 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 08/09/2015-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 04/11/2015 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷ ടി കാര്യാലയത്തിൽ ലഭിച്ചത് 29/07/2015 തീയതിയിൽ ആണെന്നും ആയതിന്റെ മറുപടി ടി കാര്യാലയത്തിൽ നിന്നും 26/08/2015 തീയതിയിൽ നിശ്ചിത സമയപരിധിയിൽ അപേക്ഷകന് ടി കാര്യാലയത്തിൽ നിന്നും അയച്ചു നൽകിയിട്ടുള്ളതാണെന്നും, എന്നാൽ പ്രസ്തുത സമയപരിധി കഴിയുന്നതിന് മുമ്പേ, അപേക്ഷകൻ മറുപടി ലഭിച്ചില്ലെന്ന് കാണിച്ചു ടി കാര്യാലയത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും ടി സാഹചര്യത്തിൽ അപേക്ഷകന് എസ്.പി.ഐ.ഒ അയച്ച മറുപടിയുടെ പകർപ്പും അയച്ചു കൊടുത്ത് അപ്പീൽ തീർപ്പാക്കിയതാണെന്നും ടിയാന് അനുവദിച്ച പകർപ്പുകൾ അനുവദിക്കുന്നതിന് നിശ്ചിത ഫീ അടവാക്കണമെന്ന് എസ്.പി.ഐ.ഒ അപേക്ഷകനുള്ള മറുപടിയിൽ നിർദ്ദേശിച്ചിട്ടുമുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന്റെ വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരമുള്ള അപേക്ഷയിൽ ടി ഓഫീസിൽ ലഭ്യമല്ലാത്ത വിവരങ്ങൾക്കായി വകുപ്പ് 6(3) പ്രകാരം പ്രസ്തുത വിവരങ്ങൾ നിക്ഷിപ്തമായ ഓഫീസിലേയ്ക്ക് അപേക്ഷ ലഭിച്ച് 5 ദിവസങ്ങൾക്കുള്ളിൽ കൈമാറി നൽകേണ്ടിയിരുന്നു. വിവരാവകാശ നിയമ പ്രകാരം അപേക്ഷ കൈമാറാതിരുന്ന ഒന്നാം എതിർകക്ഷിയെ കമ്മീഷൻ ശക്തമായി താക്കീത് ചെയ്യുന്നു. ആകയാൽ രണ്ടാം എതിർകക്ഷി രേഖകൾ സൗജന്യമായി ഹർജിക്കാരനു നൽകണമെന്നും പ്രസ്തുത വിവരം രേഖപ്പെടുത്തിയ റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിക്കണമെന്നും നിർദ്ദേശം നൽകുന്നു.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ഫെബ്രുവരി 24-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

AV